യാണ് ശുപാർശ ചെയ്യുന്നത്, "മേൽപദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ വളരെ പാവപ്പെട്ടവരാണ്. വായ്പ നൽകിയ തുക വീടു നിർമ്മിക്കുന്നതിനുതന്നെ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ തിരികെ അടയ്ക്കാനുള്ള തുക എഴുതിത്തള്ളുന്നതിൽ അപാകതയില്ല. എന്നാൽ മനഃപൂർവ്വം ലോൺ തുക തിരികെ അടയ്ക്കാതെ സർക്കാർ ധനസഹായം ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ അവരുടെമേൽ നടപടിയെടുക്കേണ്ടതുണ്ട്." അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ടാണ്. വീടിനുവേണ്ടിയാണ് യഥാർത്ഥത്തിൽ തുക ഉപയോഗിച്ചിട്ടുള്ളതെങ്കിൽ എഴുതിത്തള്ളണമെന്നാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ. ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതുസംബന്ധിച്ച് ഏറെ താമസിക്കാതെ തീരുമാനമെടുക്കുന്നതാണ്.

VI. റിപ്പോർട്ട് സമർപ്പണം

1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : X-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. നിയമ നിർമ്മാണകാര്യം

1999-ലെ കേരള ധനകാര്യബിൽ[+]

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനകാര്യബിൽ[+] സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 'ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി 31.8.1999 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.പി. വർഗ്ഗീസ് : 'ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. അങ്ങ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യബില്ലിൽ, അങ്ങ് ബഡ്ജറ്റു പ്രസംഗത്തിൽ മുന്നോട്ടുവച്ച നികുതി നിർദ്ദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്. പ്രധാനമായും അഞ്ച് മൂലനിയമങ്ങളിലുള്ള മാറ്റങ്ങളാണ് ഇന്ന് ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു വ്യാമോഹം മാത്രമാണിത്. ഈ

[+] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly